(സി) ഒരു മാസം 6000 രൂപയിൽ കവിയാൻ പാടില്ല എന്ന നിബന്ധനയിൽ ഒരു മണിക്കൂറിന് 100 രൂപ എന്ന നിരക്കിലാണ് വേതനം.

(ഡി) സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള നിയമനം നടത്തുന്നത് വരെയുള്ള താൽക്കാലിക നടപടിയെന്ന നിലയിലാണ് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നത്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് 16-4-2001-ൽ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റൂൾസ് പ്രകാരമുള്ള നിയമന നടപടികൾ നടന്നുവരുന്നു. പി.എസ്.സി. വഴിയുള്ള നിയമനത്തിനുള്ള നടപടി ക്രമങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

**ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിയമനം**

**127 (1437)** ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പി.എസ്.സി. വഴിയും പ്രമോഷൻ വഴിയും അദ്ധ്യാപകരെ നിയമിക്കുന്നത് എത്ര ശതമാനം വീതമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രമോഷൻ വഴിയുള്ള (തസ്തിക മാറ്റം) അദ്ധ്യാപകനിയമവുമായി ബന്ധപ്പെട്ട വല്ല ഹൈകോടതി നിർദ്ദേശവും നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) എത്ര പേരെ ഇതിനകം പ്രമോഷൻവഴി നിയമിച്ചു എന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ മൊത്തം ഒഴിവുകളുടെ 75 ശതമാനം പി.എസ്.സി. വഴിയും ബാക്കി 25 ശതമാനം യോഗ്യതയുള്ള ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരുടെ തസ്തിക മാറ്റം വഴിയുമാണ് നിയമിക്കുന്നത്.

(ബി&സി) ഉണ്ട്. ഒ.പി. നമ്പർ: 31314/2002 സി/ഒ.പി.നം: 34653/2002 എന്നീ കേസുകളിൽ ബഹു: ഹൈക്കോടതിയുടെ 23-1-2003-ലെ വിധി ന്യായത്തിലും ഒ.പി.നം: 38629/2002-ന് മേൽ പുറപ്പെടുവിച്ച 5-2-2003-ലെ വിധി ന്യായത്തിലുമാണ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച ഉത്തരവുകളുള്ളത്.

4-5-2002-ൽ പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് 15-5-2003-ന് മുമ്പ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും ഈ ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ ഈ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ 30-6-2003-ന് മുൻപ് നടത്തണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഒഴിവുകൾ നിലവിൽ വന്ന തീയതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

അർഹരായവരിൽ നിന്ന് സീനിയോറിറ്റിയടിസ്ഥാനത്തിൽത്തന്നെ നിയമനം നടത്തുവാനും ആദ്യം നടത്തുന്ന നിയമനങ്ങൾ എച്ച്.എസ്.എസ്.റ്റി. തസ്തികകളിലേക്ക് നടത്തണമെന്നും അതിന് ശേഷം മാത്രമേ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികകളിലേയ്ക്ക് നിയമനം നടത്താവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തിയ നിയമനങ്ങൾ 30-6-2003-ന് മുൻപ് പുനഃപരിശോധിക്കുവാനും അർഹരായവർക്ക് നിയമനം നൽകുവാനും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 12-5-2003-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നിയമനങ്ങൾ നടത്തുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## അൺ-എയ്ഡഡ് മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കൽ

**128 (1438)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ-എയ്ഡഡ് മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കാൻ സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികൾ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ യൂണിവേഴ്സിറ്റി ശുപാർശ ചെയ്ത കോളേജുകൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത ശുപാർശകളിൽ ഗവൺമെന്റ് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ശുപാർശകളിൻമേൽ തീരുമാനമായിട്ടില്ല.

## കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പുനർവിന്യാസ നടപടികൾ

**129 (1439)** ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly